## പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 504** **24.01.2018 ൽ മറുപടിക്ക്.**

## ജി.എസ്.ടി. നടപ്പിലാക്കിയതു മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധി

| ചോദ്യം<br>ശ്രീ.എം.ഉമ്മർ | | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്ക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|
| (എ) സംസ്ഥാനത്ത് ജി.എസി.ടി. നടപ്പിലാക്കിയതു മൂലമുണ്ടായ സാമ്പത്തിക പ്രതിസന്ധിയും മാന്ദ്യവും ജനങ്ങളുടെ ജീവിതത്തെ ഏതെല്ലാം രീതിയിൽ ബാധിച്ചിട്ടുണ്ടെന്ന് പരിശോധിച്ചിട്ടുണ്ടോ;എങ്കിൽ വിശദമാക്കാമോ;<br><br>(ബി) എതെല്ലാം മേഖലയിലുള്ള ജനങ്ങളെയാണ് ഇത് കൂടുതൽ ബാധിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;<br><br>(സി) എങ്കിൽ ഈ പ്രതിസന്ധി മറികടക്കുന്നതിന് സർക്കാർ എതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ; | (എ)<br>(ബി)<br>&<br>(സി) | വിവിധ വ്യാപര മേഖലകളിൽ ജി.എസ്.ടി മൂലം ഉണ്ടായിട്ടുള്ള നികുതി നിരക്കുകളെ സംബന്ധിച്ച സർവ്വേ ചരക്ക് സേവന നികുതി വകുപ്പ് നടത്തുന്നുണ്ട്.വിവിധ മേഖലകളിൽ നിന്നുള്ള പ്രശ്നങ്ങളും നികുതി നിരക്കിനെക്കുറിച്ചുള്ള പരാതികളും പരിഗണിച്ച് ഓരോ ജി.എസ്.ടി കൗൺസിൽ മീറ്റിംഗുകളിലും നികുതി നിരക്കിൽ ആവശ്യമായ വ്യത്യാസം വരുത്തിക്കൊണ്ടിരിക്കുകയാണ്.<br>ആയതിനാൽ ജനങ്ങളുടെ ജീവിതത്തെ ഏതെല്ലാം രീതിയിൽ ബാധിച്ചിട്ടുണ്ടെന്നോ ഏതെല്ലാം മേഖലയിലുള്ള ജനങ്ങളെയാണ് ഇത് കൂടുതൽ ബാധിച്ചിട്ടുള്ളത് എന്നോ വിശദമായ പഠനം ആവശ്യമാണ്. |
| (ഡി) ജനങ്ങൾക്ക് പൊതുവിൽ ആശ്വാസമാകുന്ന നികുതി ഇളവുകളോ, ഒഴിവാക്കലുകളോ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? | (ഡി) | സംസ്ഥാനത്തിന് മാത്രമായി നികുതി ഇളവ് നൽകാൻ സാധ്യമല്ല. മിക്ക നിത്യോപയോഗ സാധനങ്ങളുടേയും നികുതി കുറയ്ക്കുന്നതിനുള്ള ആവശ്യം ജി.എസ്.ടി കൗൺസിലിൽ സംസ്ഥാനം ഉന്നയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ